പതിനഞ്ചാം കേരള നിയമസഭ
ബിൽ നമ്പർ 275

2025 -ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 275

2025 -ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 275

2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള
ഒരു
ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 6-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 6-ാം വകുപ്പ് (5)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "ചെയ്യേണ്ടതാണ്" എന്ന വാക്കിനുപകരം "ചെയ്യേണ്ടതും പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ജനസംഖ്യ തുല്യമായി വരുന്നപക്ഷം സംവരണം ഏത് വിഭാഗത്തിനാണ് എന്നുള്ളത് ആദ്യ തവണ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതും തുടർന്നുവരുന്ന സന്ദർഭങ്ങളിൽ ആവർത്തനം ഒഴിവാക്കി, അതത് സംഗതിപോലെ, പട്ടികജാതി വിഭാഗത്തിനോ പട്ടികവർഗ്ഗ വിഭാഗത്തിനോ ആയി നിശ്ചയിക്കേണ്ടതുമാണ്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

3. 15-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ,—

(i) (3)-ാം ഉപവകുപ്പിൽ, (ഇ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇഎ) നഗരസഭയുടെ മാസ്റ്റർ പ്ലാൻ നടപ്പാക്കൽ, നഗര അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കൽ, മാലിന്യസംസ്കരണം മുതലായ കാര്യങ്ങൾക്കായുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുവെന്ന് ഉറപ്പു വരുത്തിക്കുകയും ;" ;

(ii) (4)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിലെ (ബി) ഖണ്ഡത്തിൽ, "അടുത്ത യോഗത്തിൽ" എന്ന വാക്കുകൾക്കുപകരം "തൊട്ടടുത്ത സാധാരണ യോഗത്തിൽ ചെയർപേഴ്സൺ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 50-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 50-ാം വകുപ്പിൽ,—

(i) (4)-ാം ഉപവകുപ്പിൽ, "25,000" എന്ന അക്കത്തിനും ചിഹ്നത്തിനും പകരം "2,00,000" എന്ന അക്കവും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ii) (7)-ാം ഉപവകുപ്പിൽ, "പെർഫോമൻസ് ആഡിറ്റ്" എന്ന വാക്കുകൾക്ക് പകരം "ആഭ്യന്തര വിജിലൻസ് ആന്റ് മോണിറ്ററിംഗ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 56-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 56-ാം വകുപ്പിൽ,—

(i) (5)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) മുനിസിപ്പൽ ഭരണത്തേയോ, മുനിസിപ്പാലിറ്റി നടത്തിയതോ നടത്തുന്നതോ ആയ വർക്കുകളേയും പദ്ധതികളേയും സംബന്ധിച്ചോ ഉള്ള രേഖകളും മറ്റും പരിശോധിക്കുന്നതിനും ഒരു മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായ വികസനപരവും ജനക്ഷേമപരവുമായ ചുമതലകളെ ആ മുനിസിപ്പാലിറ്റിയെ ഭരമേൽപ്പിച്ച, സാമ്പത്തികവും നിയന്ത്രണപരവുമായ അധികാരങ്ങളും, നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം അതിന് നിർദ്ദേശങ്ങൾ നൽകുന്നതിനും, സർക്കാരിന്, നിർണ്ണയിക്കപ്പെട്ട രീതിയിൽ, ആഭ്യന്തര വിജിലൻസും മോണിറ്ററിംഗും സംവിധാനം ഏർപ്പാട് ചെയ്യാവുന്നതാണ്." ;

(ii) അപ്രകാരം പകരം ചേർക്കപ്പെട്ട (5)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) മുനിസിപ്പാലിറ്റി ഏറ്റെടുത്ത് നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് നിർണ്ണയിക്കപ്പെട്ട രീതിയിൽ സർക്കാരിന് ഏർപ്പാട് ചെയ്യാവുന്നതാണ്.".

6. 217-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 217-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ,—

(i) (ബി) ഖണ്ഡത്തിൽ,—

(എ) (i)-ാം ഇനത്തിൽ "അമ്പതിനായിരം" എന്ന വാക്കിനുപകരം "മൂന്ന് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) (ii)-ാം ഇനത്തിൽ "അമ്പതിനായിരം" എന്ന വാക്കിനുപകരം "മൂന്ന് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (സി) ഖണ്ഡത്തിൽ,—

(എ) (i)-ാം ഇനത്തിൽ "ഒരു ലക്ഷം" എന്ന വാക്കുകൾക്ക് പകരം "അഞ്ച് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (ii)-ാം ഇനത്തിൽ "ഒരു ലക്ഷം " എന്ന വാക്കുകൾക്ക് പകരം "അഞ്ച് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 233-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 233-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ "(പൂർണ്ണസംഖ്യയിൽ)" എന്ന ബ്രാക്കറ്റും വാക്കും വിട്ടുകളയേണ്ടതാണ്.

8. 369 -ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 369-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"369. പൊതുതെരുവിൽ തടസ്സമുണ്ടാക്കുന്ന എടുപ്പുകളും ആബദ്ധവസ്തുക്കളും തടയൽ.—(1) യാതൊരാളും ഏതെങ്കിലും പൊതുതെരുവിന്റെയോ കിണറിന്റെയോ കുളത്തിന്റെയോ ചാലിന്റെയോ അഴുക്കുചാലിന്റെയോ ഏതെങ്കിലും ഭാഗം കൈയേറുന്ന വിധത്തിൽ ഏതെങ്കിലും ഭിത്തിയോ വേലിയോ കൈവരിയോ തൂണോ പടിയോ എടുപ്പുകളോ നിർമ്മിക്കുകയോ ആബദ്ധവസ്തുക്കൾ സ്ഥാപിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള പൊതുതെരുവിന്റെയോ കിണറിന്റെയോ കുളത്തിന്റെയോ ചാലിന്റെയോ അഴുക്കുചാലിന്റെയോ ഏതെങ്കിലും ഭാഗം കൈവശം വയ്ക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) ഏതൊരാളും ഏതെങ്കിലും പൊതുസ്ഥലത്തോ പൊതുനിരത്തിലോ അവയ്ക്ക് മുകളിലോ അല്ലെങ്കിൽ ഏതെങ്കിലും തുറന്നചാലിനോ കിണറിനോ കുളത്തിനോ ഏതെങ്കിലും തെരുവിനോ അവയ്ക്ക് മീതെയോ ഏതെങ്കിലും കമാനങ്ങളോ ബോർഡുകളോ ഹോർഡിംഗുകളോ ബാനറുകളോ ഡിജിറ്റൽ ബാനറുകളോ കൊടികളോ കൊടിമരങ്ങളോ തോരണങ്ങളോ സ്ഥാപിക്കുകയോ കെട്ടുകയോ ചെയ്യുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള ഫീസ് ഒടുക്കി സെക്രട്ടറിയിൽ നിന്നും രേഖാമൂലമുള്ള അനുമതി വാങ്ങേണ്ടതാണ് :

എന്നാൽ, 1999-ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റിലെയും (2000-ലെ 6), 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിലെയും (2007-ലെ 8) വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം സെക്രട്ടറി അപ്രകാരമുള്ള അനുമതി നൽകേണ്ടത്.

9. <u>447-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 447-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ,—

(എ) (i)-ാം ഇനത്തിൽ “നിർണ്ണയിക്കാവുന്ന നിരക്കിലോ പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനപ്രകാരം, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള നിരക്കിലോ," എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "നിർണ്ണയിക്കുന്ന" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (3)-ാം ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്;

(ii) (2)-ാം ഉപവകുപ്പിൽ "അങ്ങനെയുള്ള വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണം മുതൽ 30 ദിവസത്തിനുള്ളിൽ” എന്ന വാക്കുകളും അക്കവും വിട്ടുകളയേണ്ടതാണ്.

10. <u>448-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 448-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ "നൽകുന്നതിനോ നിരസിക്കുന്നതിനോ" എന്ന വാക്കുകൾക്ക് പകരം “നൽകുന്നതിന്” എന്ന വാക്ക് ചേർക്കേണ്ടതാണ്.

11. <u>449-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 449-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ "സെക്രട്ടറിക്ക്" എന്ന വാക്കിനുപകരം "സെക്രട്ടറി" എന്ന വാക്കും, "തേടാവുന്നതും" എന്ന വാക്കിനുപകരം "തേടേണ്ടതും" എന്ന വാക്കും ചേർക്കേണ്ടതാണ്.

(ii) (3)-ാം ഉപവകുപ്പിൽ “അപ്രകാരമുള്ള" എന്ന വാക്കിനുപകരം "(2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിച്ച ശേഷം (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിക്കപ്പെട്ട ഒരു" എന്ന ബ്രാക്കറ്റുകളും അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) 6-ാം വകുപ്പ് (5)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന പ്രകാരം പട്ടികജാതിക്കാരിലോ പട്ടികവർഗ്ഗക്കാരിലോ കൂടുതലുള്ള വിഭാഗത്തിന് ആ മുനിസിപ്പാലിറ്റിയിൽ ഒരു സ്ഥാനം സംവരണം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ജനസംഖ്യ തുല്യമായി വരികയാണെങ്കിൽ സ്ഥാനം സംവരണം ചെയ്യേണ്ടതു സംബന്ധിച്ച് പ്രസ്തുത വകുപ്പ് ഭേദഗതി ചെയ്യുന്നതിനും ചെയർപേഴ്സന്റെ അധികാരങ്ങൾ നിഷ്കർഷിക്കുന്നതുമായി ബന്ധപ്പെട്ടും, സെക്രട്ടറിയിൽ നിക്ഷിപ്തമായ സാമ്പത്തിക ചുമതലകൾ കാലോചിതമായി

പരിഷ്കരിക്കുന്നതിനും, ആഭ്യന്തര വിജിലൻസും മോണിറ്ററിംഗും സംവിധാനം, സോഷ്യൽ ആഡിറ്റ് എന്നിവ ഏർപ്പെടുത്തുന്നതിനും, എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള തുകയുടെ പരിധി കാലോചിതമായി പരിഷ്കരിക്കുന്നതിനും, വസ്തുനികുതി സംബന്ധിച്ചും, ഹോർഡിംഗുകളോ ബാനറുകളോ കൊടിമരങ്ങളോ തോരണങ്ങളോ സ്ഥാപിക്കുന്നത് തടയുന്നതിനുള്ള വ്യവസ്ഥകൾ കൊണ്ടുവരുന്നതിനായും, ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതിനുള്ള അധികാരം നൽകുന്നതുമായി ബന്ധപ്പെട്ടും, വ്യവസായ സൗഹൃദമാക്കുന്നതിന്റെ ഭാഗമായും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 15, 50, 56, 217, 233, 369,

447, 448, 449 എന്നീ വകുപ്പുകളിലും അനുയോജ്യമായ ഭേദഗതികൾ കൊണ്ടു വരുന്നതിനും സർക്കാർ തീരുമാനിച്ചു.

മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 5-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 56-ാം വകുപ്പിന്റെ,—

(i) (5)-ാം ഉപവകുപ്പ്, മുനിസിപ്പാലിറ്റി നടത്തിയതോ നടത്തുന്നതോ ആയ പ്രവൃത്തികളെ വിലയിരുത്തുന്നതിനും, പാകപ്പിഴകൾ ഉണ്ടെങ്കിൽ പരിഹരിക്കുവാൻ നിർദ്ദേശങ്ങൾ നൽകുന്നതിനും, ആഭ്യന്തര വിജിലൻസും മോണിറ്ററിംഗും സംവിധാനം ഏർപ്പെടുത്തുന്നതിന്റെ രീതി നിർണ്ണയിക്കുന്നതിനും;

(ii) (6)-ാം ഉപവകുപ്പ്, മുനിസിപ്പാലിറ്റി നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിനും;

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 8-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 369-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, പൊതുതെരുവിൽ തടസ്സമുണ്ടാക്കുന്ന എടുപ്പുകളും ആബദ്ധവസ്തുക്കളും തടയുന്നതുമായി ബന്ധപ്പെട്ട് ഫീസിന്റെ രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 9-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതിവരുത്താനുദ്ദേശിക്കുന്ന, 447-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത വ്യവസ്ഥ പ്രകാരമുള്ള കാര്യങ്ങൾക്ക് ലൈസൻസ് ഫീസ് നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

എം. ബി. രാജേഷ്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

****   ****   ****

6. കൗൺസിലിന്റെ ഘടന.—(1) ഒരു ടൗൺ പഞ്ചായത്തിന്റെയും ഒരു മുനിസിപ്പൽ കൗൺസിലിന്റെയും ഒരു മുനിസിപ്പൽ കോർപ്പറേഷന്റെയും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ആകെ കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം, ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ പ്രദേശത്തെ ജനസംഖ്യ പരിഗണിച്ചുകൊണ്ട് (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള തോതനുസരിച്ച് സർക്കാർ വിജ്ഞാപനം ചെയ്യേണ്ടതാണ്.

****   ****   ****

(5) ഏതൊരു മുനിസിപ്പാലിറ്റിയിലും പട്ടികജാതികൾക്കും പട്ടിക വർഗ്ഗങ്ങൾക്കും നിശ്ചിത സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്. മുനിസിപ്പാലിറ്റിയിൽ സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം സർക്കാർ നിശ്ചയിക്കേണ്ടതാണ്. അങ്ങനെ സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണവും നേരിട്ടുള്ള തെരഞ്ഞെടുപ്പ് മുഖാന്തരം നികത്തേണ്ട സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം, സാധ്യമാകുന്നിടത്തോളം മുനിസിപ്പൽ പ്രദേശത്തെ പട്ടികജാതിക്കാരുടേയോ മുനിസിപ്പൽ പ്രദേശത്തെ പട്ടികവർഗ്ഗക്കാരുടെയോ എണ്ണവും ആ പ്രദേശത്തെ മൊത്തം ജനസംഖ്യയും തമ്മിലുള്ള അതേ അനുപാതം തന്നെ ആയിരിക്കേണ്ടതും അങ്ങനെയുള്ള സ്ഥാനങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനോ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ പൊതു തെരഞ്ഞെടുപ്പിനും വേണ്ടി നിശ്ചയിക്കാവുന്ന രീതിയിൽ മുനിസിപ്പാലിറ്റിയിലെ വിവിധ വാർഡുകളിലേക്ക് ആവർത്തന ക്രമത്തിൽ വീതിച്ചു നൽകേണ്ടതും ആണ് :

എന്നാൽ, ഒരു മുനിസിപ്പൽ പ്രദേശത്തെ പട്ടികജാതിക്കാരുടെയോ പട്ടികവർഗ്ഗക്കാരുടെയോ ജനസംഖ്യ ഏതെങ്കിലും സ്ഥാനം അവർക്കായി സംവരണം ചെയ്യുന്നതിന് അപര്യാപ്തമായി വരുന്നപക്ഷം പട്ടികജാതിക്കാരിലോ പട്ടികവർഗ്ഗക്കാരിലോ കൂടുതൽ ഉള്ള വിഭാഗത്തിന് ആ മുനിസിപ്പാലിറ്റിയിൽ ഒരു സ്ഥാനം സംവരണം ചെയ്യേണ്ടതാണ്.

****   ****   ****

15. ചെയർപേഴ്സന്റെ അധികാരങ്ങൾ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി ചെയർപേഴ്സണ് പരിശോധന നടത്താനുള്ള അധികാരം ഉണ്ടായിരിക്കുന്നതും മുനിസിപ്പാലിറ്റിയുടെ ഏതെങ്കിലും ചുമതല നിർവ്വഹിക്കുന്നതിനുള്ള കൗൺസിലിന്റെയോ കമ്മിറ്റികളുടെയോ ഏതെങ്കിലും പ്രമേയം നടപ്പിലാക്കുന്നതു സംബന്ധിച്ച് തനിക്ക്

യുക്തമെന്ന് തോന്നുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും നൽകാവുന്നതും, സെക്രട്ടറി പ്രസ്തുത ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കേണ്ടതുമാണ്.

**** **** ****

(3) മുൻപറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ ഒരു ചെയർപേഴ്സൺ—

(എ) താൻ ചെയർപേഴ്സനായിരിക്കുന്ന മുനിസിപ്പാലിറ്റിയുടെ കൗൺസിലിന്റെ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുകയും യോഗനടപടികൾ നിയന്ത്രിക്കുകയും;

**** **** ****

(ഇ) ഈ ആക്റ്റിനാലോ അതിൻകീഴിലോ തയ്യാറാക്കേണ്ട എല്ലാ സ്റ്റേറ്റ്മെന്റുകളും റിപ്പോർട്ടുകളും തയ്യാറാക്കിക്കുകയും;

**** **** ****

(4) ചെയർപേഴ്സന്, അടിയന്തര സാഹചര്യത്തിൽ, കൗൺസിലിന്റെ അനുമതി ആവശ്യമുള്ളതും തന്റെ അഭിപ്രായത്തിൽ പൊതുജനങ്ങളുടെ രക്ഷയ്ക്ക് ഉടനടി നടത്തുകയോ ചെയ്യുകയോ ചെയ്യുന്നത് ആവശ്യമായിട്ടുള്ളതുമായ ഏതെങ്കിലും പണി നടത്തുന്നതിനോ ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനോ നിർദ്ദേശിക്കാവുന്നതും അപ്രകാരമുള്ള പണി നടത്തുന്നതിനോ പ്രവൃത്തി ചെയ്യുന്നതിനോ ഉള്ള ചെലവുകൾ മുനിസിപ്പാലിറ്റിയുടെ ഫണ്ടിൽ നിന്നും നൽകേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതുമാണ്:

എന്നാൽ,—

**** **** ****

(ബി) ഈ ഉപവകുപ്പിൻകീഴിൽ എടുത്ത നടപടിയും, അതിനുള്ള കാരണവും കൗൺസിലിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും, അംഗീകാരം വാങ്ങേണ്ടതും,

ആകുന്നു.

**** **** ****

50. <u>സെക്രട്ടറിയുടെ അവകാശങ്ങളും കർത്തവ്യങ്ങളും</u>.—(1) സെക്രട്ടറി കൗൺസിലിന്റെയും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും മറ്റേതെങ്കിലും കമ്മിറ്റികളുടെയും യോഗങ്ങളിൽ പങ്കെടുക്കേണ്ടതും ഉപദേശക നിലയിൽ മാത്രം ചർച്ചകളിൽ പങ്കെടുക്കാവുന്നതും, എന്നാൽ ഒരു പ്രമേയം അവതരിപ്പിക്കുവാനോ വോട്ട് ചെയ്യുവാനോ അവകാശമുണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.

**** **** ****

(4) ഈ ആക്റ്റുമൂലമോ മറ്റേതെങ്കിലും നിയമം മൂലമോ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിന് 25,000 രൂപയിൽ കൂടാത്ത തുകയ്ക്കുള്ള ചെലവുകൾ ചെയർപേഴ്സനെ അറിയിച്ചുകൊണ്ട്, മുനിസിപ്പൽ ഫണ്ടിൽ നിന്നും വഹിക്കുവാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

**** **** ****

(7) സെക്രട്ടറി, പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടിനേയും മറ്റ് ആഡിറ്റ് റിപ്പോർട്ടുകളേയും സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**** **** ****

56. <u>നിയന്ത്രണാവശ്യങ്ങൾക്ക് സർക്കാരിന്റെ അധികാരം</u>.—(1) സർക്കാരോ അവർ ഇതിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഒരു മുനിസിപ്പാലിറ്റിയുടെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും ആഫീസോ, അവിടെ സൂക്ഷിച്ചിരിക്കുന്ന ജംഗമവസ്തുക്കളോ അല്ലെങ്കിൽ സ്ഥാവര വസ്തുക്കളോ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും പണിയോ പരിശോധിക്കാവുന്നതാണ്.

**** **** ****

(5) സർക്കാരിന് നിർണ്ണയിക്കപ്പെട്ട രീതിയിൽ മുനിസിപ്പാലിറ്റിയുടെ ഭരണത്തെയും, മുനിസിപ്പാലിറ്റി നടത്തിയതോ നടത്തുന്നതോ ആയ വർക്കുകളെയും പദ്ധതികളെയും സംബന്ധിച്ചുള്ള ആനുകാലിക പെർഫോർമൻസ് ആഡിറ്റ് നടത്തുന്നതിന് ഏർപ്പാട് ചെയ്യാവുന്നതാണ്.

**** **** ****

217. <u>എസ്റ്റിമേറ്റുകൾ അനുവദിക്കുന്നതിന് വിവിധ അധികാര സ്ഥാനങ്ങൾക്കുള്ള അധികാരം</u>.— (1) വിഭവശേഷിക്കും ബഡ്ജറ്റ് എസ്റ്റിമേറ്റിൽ വക കൊള്ളിച്ചിരിക്കുന്നതിനും വിധേയമായി ഏതെങ്കിലും പണികളുടെയോ, പദ്ധതികളുടെയോ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകാൻ ക്ഷമതയുള്ള അധികാരസ്ഥാനവും അങ്ങനെയുള്ള അനുമതി ഏതു പരിധിവരെ നൽകാമെന്നുള്ളതും താഴെ കാണിക്കുന്ന പ്രകാരമായിരിക്കുന്നതാണ്, അതായത്:—

**** **** ****

(ബി) മുനിസിപ്പൽ കൗൺസിൽ

(i)	സ്റ്റാൻഡിംഗ് കമ്മിറ്റി	അമ്പതിനായിരം രൂപ വരെ
(ii)	കൗൺസിൽ	അമ്പതിനായിരം രൂപയിൽ കവിയുന്നത്

(സി) മുനിസിപ്പൽ കോർപ്പറേഷൻ

(i)	സ്റ്റാൻഡിംഗ് കമ്മിറ്റി	ഒരു ലക്ഷം രൂപ വരെ
(ii)	കൗൺസിൽ	ഒരു ലക്ഷം രൂപയിൽ കവിയുന്നത്

**** **** ****

233. <u>വസ്തു നികുതി</u>.—(1) ഏതൊരു മുനിസിപ്പാലിറ്റിയുടെ കൗൺസിലും അതതു മുനിസിപ്പാലിറ്റി പ്രദേശത്തുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്നുകിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്റ്റിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്തേണ്ടതാണ്.

**** **** ****

(3) (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പ്രകാരം കെട്ടിടങ്ങളുടെ ഇനം അനുസരിച്ച് സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി, ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് എന്ന തോതിൽ, അതത് ഇനം കെട്ടിടങ്ങൾക്ക് മുനിസിപ്പാലിറ്റിയിൽ ബാധകമാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ (പൂർണ്ണസംഖ്യയിൽ) നിർണ്ണയിക്കപ്പെട്ട നടപടിക്രമം പാലിച്ച്, അതത് മുനിസിപ്പാലിറ്റിയുടെ കൗൺസിൽ നിശ്ചയിക്കേണ്ടതാണ്. അതത് സംഗതിപോലെ, ഒരേ ഇനത്തിൽ അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും മുനിസിപ്പാലിറ്റി പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്.

**** **** ****

369. <u>പൊതുതെരുവിൽ തടസ്സമുണ്ടാക്കുന്ന എടുപ്പുകളും ആബദ്ധവസ്തുക്കളും തടയൽ</u>.—യാതൊരാളും മുനിസിപ്പാലിറ്റിയുടെ രേഖാമൂലമുള്ള അനുവാദംകൂടാതെ, ഒരു മുനിസിപ്പൽ

പ്രദേശത്തിനുള്ളിലുള്ള ഏതെങ്കിലും പൊതു നിരത്തിലോ അതിനുമുകളിലോ അല്ലെങ്കിൽ ഏതെങ്കിലും തുറന്ന ചാലിനോ കിണറിനോ കുളത്തിനോ ഏതെങ്കിലും തെരുവിനോ മേൽവശത്തോ മീതെയോ അല്ലെങ്കിൽ അതിൻമേലുള്ള കയ്യേറ്റമായോ അതിനുമുകളിൽ തള്ളിനിൽക്കുന്ന വിധത്തിലോ അതിനു തടസ്സമുണ്ടാക്കുന്ന വിധമോ അതിൻമേൽ കയ്യേറുന്ന വിധമോ, ഏതെങ്കിലും ഭിത്തിയോ വേലിയോ കൈവരിയോ, തൂണോ, പടിയോ ബൂത്തോ, അല്ലെങ്കിൽ മറ്റ് എടുപ്പുകളോ ആബദ്ധ വസ്തുക്കളോ സ്ഥാപിക്കുകയോ കെട്ടുകയോ അല്ലെങ്കിൽ അങ്ങനെയുള്ള തെരുവിന്റെയോ ചാലിന്റെയോ, അഴുക്കുചാലിന്റെയോ കിണറിന്റെയോ കുളത്തിന്റെയോ ഏതെങ്കിലും ഭാഗം കൈവശം വയ്ക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

**** **** ****

447. <u>സ്ഥലങ്ങൾ ഏതാവശ്യങ്ങൾക്ക് ലൈസൻസ് കൂടാതെ ഉപയോഗിച്ചുകൂടെന്ന്</u>.—(1) മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു സ്ഥലവും,—

**** **** ****

(ബി) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും,—

(i) ഓരോ കാര്യത്തിനും സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനപ്രകാരം, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള നിരക്കിലോ, ലൈസൻസ് ഫീസ് ഒടുക്കാതെയും ;

(ii) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെയും,

ഉപയോഗിക്കാൻ പാടുള്ളതല്ല :

**** **** ****

എന്നിരുന്നാലും, ഈ വകുപ്പിൻകീഴിലുള്ള മുനിസിപ്പാലിറ്റിയുടെ ഒരു വിജ്ഞാപനം അത് പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ അറുപതു ദിവസം പൂർത്തിയാകുന്ന തീയതിയിൽ മാത്രം പ്രാബല്യത്തിൽ വരുന്നതാകുന്നു.

**** **** ****

(2) അങ്ങനെയുള്ള ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണം മുതൽ മുപ്പതു ദിവസത്തിനുള്ളിൽ

ആ സ്ഥലം അങ്ങനെയുള്ള ആവശ്യത്തിനു ഉപയോഗിക്കുന്നതിനുള്ള ലൈസൻസിനു വേണ്ടി സെക്രട്ടറിക്കോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷ നൽകേണ്ടതാണ്.

**** **** ****

448. വ്യവസായശാലയോ ഫാക്ടറിയോ മറ്റു പണിസ്ഥലമോ നിർമ്മിക്കുന്നതിനോ അതിൽ ആവിശക്തിയോ മറ്റേതെങ്കിലും ശക്തിയോ ഉപയോഗിക്കുന്നതിനോ മറ്റ് യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനോ ഉള്ള ലൈസൻസ്.—(1) (എ) വ്യവസായശാലയോ ഫാക്ടറിയോ മറ്റു പണിസ്ഥലമോ നിർമ്മിക്കുവാൻ ഒരു സ്ഥലം ഉപയോഗിക്കുവാനോ ആ സ്ഥലത്ത് വ്യവസായശാലയോ ഫാക്ടറിയോ നിർമ്മിക്കുവാനോ സ്ഥാപിക്കുവാനോ, അതിൽ ആവിശക്തിയോ ജലശക്തിയോ മറ്റു യാന്ത്രികശക്തിയോ വിദ്യുച്ഛക്തിയോ ഉപയോഗിക്കുവാനോ ; അഥവാ

**** **** ****

(4) (3)-ാം ഉപവകുപ്പിൻ കീഴിൽ അനുവാദം നൽകുന്നതിനോ നിരസിക്കുന്നതിനോ മുമ്പ് കൗൺസിൽ,—

**** **** ****

449. ഫാക്ടറി, വർക്ക്ഷോപ്പ് മുതലായവയിൽ നിന്നുള്ള ശല്യം ഇല്ലാതാക്കൽ.—(1) ഏതെങ്കിലും ഫാക്ടറിയോ വർക്ക്ഷോപ്പോ ജോലിസ്ഥലമോ യന്ത്രങ്ങളോ, ഏതെങ്കിലും ഒരു പ്രത്യേകതരം ഇന്ധനം ഉപയോഗിക്കുന്നതുകൊണ്ടോ, ശബ്ദമോ അനുചലനമോ ഉണ്ടാകുന്നതിനാലോ, വിഷവാതകം വമിക്കുകയോ അസഹ്യമായ ഗന്ധമോ പുകയോ പൊടിയോ പുറപ്പെടുവിക്കുകയോ ചെയ്യുന്ന കാരണത്താലോ, ശല്യമുണ്ടാക്കുന്നതായി സെക്രട്ടറിക്ക് അഭിപ്രായമുള്ളപക്ഷം, സെക്രട്ടറിക്ക്, അപ്രകാരമുള്ള ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ യന്ത്രങ്ങളുടെയോ ചുമതല വഹിക്കുന്ന ആളോട് അപ്രകാരമുള്ള ശല്യം ന്യായമായ സമയത്തിനുള്ളിൽ ഇല്ലാതാക്കാൻ നിർദ്ദേശിക്കാവുന്നതാണ്.

(2) സെക്രട്ടറിക്ക്, ശല്യം തിട്ടപ്പെടുത്തുന്നതോ അത് ഇല്ലാതാക്കുന്നതോ സംബന്ധിച്ച് ബന്ധപ്പെട്ട ഫാക്ടറിയുടെയോ, വർക്ക്ഷോപ്പിന്റെയോ ജോലി സ്ഥലത്തിന്റെയോ യന്ത്രസാമഗ്രികളുടെയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റെയോ, ഉടമസ്ഥന്റെ അല്ലെങ്കിൽ ചാർജ്ജ് വഹിക്കുന്ന ആളുടെ ചെലവിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് വിദഗ്ദ്ധോപദേശം തേടാവുന്നതും, അപ്രകാരമുള്ള റിപ്പോർട്ട്, എത്രയും വേഗം, എന്നാൽ

ശല്യം സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട് പതിനഞ്ച് ദിവസം കഴിയുന്നതിന് മുമ്പായി പ്രസ്തുത വകുപ്പ് നൽകേണ്ടതുമാണ്.

(3) അപ്രകാരമുള്ള നിർദ്ദേശം നടപ്പാക്കാൻ മനഃപൂർവ്വം വീഴ്ച വരുത്തുകയോ, നിലവിലുള്ള സാഹചര്യത്തിൽ ശല്യം ഇല്ലാതാക്കുന്നത് പ്രാവർത്തികമല്ലെന്ന് കാണുകയോ ആണെങ്കിൽ ശല്യം ഇല്ലാതാക്കാൻ തൃപ്തികരമായ രീതിയിൽ ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ആൾ എടുക്കുന്ന സമയം വരെ ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലി സ്ഥലത്തിന്റെയോ യന്ത്രത്തിന്റെയോ പ്രവർത്തനം സെക്രട്ടറിക്ക് നിരോധിക്കാവുന്നതാണ്.

**** **** ****